## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 161 10.6. 2013 - ൽ മറുപടിക്ക്**

## മാരിടൈം ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ.ശിവദാസൻ നായർ:<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. വി.ഡി.സതീശൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മാരിടൈം ബോർഡ് രൂപീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണം, പ്രവർത്തനം, പരിപാലനം, പരിരക്ഷ തുടങ്ങിയ സംസ്ഥാന സർക്കാരിൽ ഇന്ത്യൻ തുറമുഖ ചട്ടങ്ങൾ മൂലം നിക്ഷിപ്ത മായ കർത്തവ്യങ്ങൾ, കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗത വകുപ്പിന്റേയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റുകൾ നൽകൽ വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവഹിക്കൽ എന്നിവ വിവിധ വകുപ്പുകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കൽ എന്നിവയാണ് മാരിടൈം ബോർഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. ബോർഡിന് സർക്കാർ വകുപ്പുകളേക്കാൾ കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതിനാൽ കൂടുതൽ വേഗതയിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുന്നതാണ്. കൂടാതെ കേന്ദ്ര ഫണ്ടുകളും ഗ്രാന്റുകളും യഥാസമയം |

----2

ലഭ്യമാക്കി തുറമുഖ വികസനം ത്വരിതപ്പെടുത്തുന്നതിനും ഇത് സഹായകമാകും. ഈ മേഖലയിലെ എല്ലാ സ്ഥാപനങ്ങളേയും ഡിപ്പാർട്ടു മെന്റുകളേയും ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തു ന്നതിനുള്ള അധികാരം ബോർഡിനു ണ്ടായിരിക്കും.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; | (സി) | തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ, കേരള മാരിടൈം സൊസൈറ്റി തുടങ്ങിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയാണ് മാരിടൈം ബോർഡ് രൂപീകരിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി രൂപീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?. | (ഡി) | മാരിടൈം ബോർഡ് രൂപീകരണത്തിനായി തയ്യാറാക്കിയ റോഡ് മാപ് കം ആക്ഷൻ പ്ലാൻ പരിശോധിച്ചു വരികയാണ്. കരട് കേരള മാരിടൈം ബോർഡ് ബിൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതിനായി ശ്രമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ